മംഗളം
MANGALAM MALAYALAM NEWS
13 October 2023

# വിത്ത് വിൽക്കാനുള്ളതല്ല; തലമുറകൾക്ക് കൈമാറാനുള്ളതെന്ന് അഗ്രി സയൻസ് കോൺഗ്രസ്

കൊച്ചി: വിത്തുകൾ വിൽക്കാനുള്ളതല്ല, തലമുറകൾക്ക് കൈമാറാനുള്ള നന്മയാണെന്ന് ചെറുവയൽ രാമൻ. കാർഷിക ശാസ്ത്ര കോൺഗ്രസിൽ നടന്ന കർഷക സംഗമത്തിൽ അനുഭവം പങ്കുവയ്ക്കുകയായിരുന്നു അദ്ദേഹം.

ചെറുവയൽ രാമനെ കൂടാതെ, ഉത്തർപ്രദേശിൽ നിന്നുള്ള സേത്പാൽ സിംഗ്, ചന്ദ്രശേഖർ സിംഗ്, ഒഡീഷയിൽ നിന്നുള്ള സബർമതി ടിക്കി, ബട്ട കൃഷ്ണ സാഹു എന്നിവർ അനുഭവങ്ങളും നിർദേശങ്ങളും പങ്കുവച്ചു. കർഷക സംഗമത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുന്നൂറോളം കർഷകർ ശാസ്ത്രജ്ഞരുമായി സംവദിച്ചു. മതിയായ വിലലഭിക്കുന്ന വിധത്തിൽ ഓരോ ഉൽപന്നങ്ങൾക്കും വിപണി ഉറപ്പുവരുത്തണമെന്ന് കർഷകർ ആവശ്യപ്പെട്ടു.

കാർഷിക മേഖലയിൽ സ്ത്രീസൗഹദമായ യന്ത്രങ്ങളും ഉപകരണങ്ങളും വികസിപ്പിക്കണമെന്ന് കുമാരി സബർമതി ആവശ്യപ്പെട്ടു. വിളകൾക്ക് പോഷകമൂല്യം കൂട്ടുന്നതിനുള്ള ശ്രമങ്ങൾ വേണം. കർഷകരെയും പരിസ്ഥിതിയെയും പരിഗണിച്ചുള്ള ഗവേഷണപഠനങ്ങൾക്ക് കാർഷിക ശാസ്ത്രജ്ഞർ മുൻകൈയെടുക്കണം. കർഷകരുടെ നഷ്ടങ്ങളും പ്രതിസന്ധികളും പരിഹരിക്കേണ്ടത് ഉത്തരവാദിത്തമായി കരുതണമെന്നും അവർ ശാസ്ത്രജ്ഞരോട് ആവശ്യപ്പെട്ടു.

നാഷണൽ അക്കാദമിക ഓഫ് അഗ്രികൾച്ചറൽ സയൻസസ് (നാസ്) സംഘടിപ്പിക്കുന്ന കോൺഗ്രസ് സി.എം.എഫ്.ആർ.ഐയാണ് ആതിഥ്യം വഹിച്ചത്. സമ്മേളനം ഇന്നലെ സമാപിച്ചു.